13197
29/7/19

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

15 YEARS OF CELEBRATING THE MAHATMA

## സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കോഴിക്കോട് ജില്ല-2018 വർഷത്തിലെ നിപ്പ വൈറസ് ബാധ ഇൻഡക്സ് കേസായി മരണപ്പെട്ട സാബിത്തിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡിആർഎഫ് -എ) വകുപ്പ്

**സ.ഉ.(കൈ) നം.238/2019/റവ.** തീയതി,തിരുവനന്തപുരം, 26/07/2019

പരാമർശം:- 1 26/05/2018-ലെ സ.ഉ.(കൈ) നം.200/2018/റവ

2 20/06/2018 ലെ സ.ഉ.(കൈ) നം . 231/18/റവ

3 കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസറുടെ 31/07/2018-ലെ സി2/9997/2018/നമ്പർ കത്ത്

## ഉത്തരവ്

കോഴിക്കോട്, മലപ്പുറം ജില്ലകളിൽ 2018 വർഷത്തിൽ നിപ്പ വൈറസ് പനി ബാധിച്ച് മരണപ്പെട്ട 16 പേരുടെ കുടുംബങ്ങൾക്ക് പരാമർശം 1,2 ഉത്തരവുകൾ പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അഞ്ചു ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

2. നിപ്പ വൈറസ് ബാധിച്ചവരിൽ ഇൻഡക്സ് കേസായ സാബിത്ത് S/o മൂസ(L) , വളച്ചു കണ്ടിയിൽ വീട്, സൂപ്പിക്കട, ചങ്ങരോത്ത്, കോഴിക്കോട് എന്നയാളുടെ കുടുംബത്തിന് കൂടി 5,00,000 രൂപ (അഞ്ചു ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

3. വിതരണത്തിനാവശ്യമായി വരുന്ന തുകയായ 5,00,000 രൂപ (അഞ്ചു ലക്ഷം രൂപ മാത്രം) 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും കോഴിക്കോട് ജില്ലാ കളക്ടർക്ക് അനുവദിക്കുന്നതാണ്. ജില്ലാ കളക്ടർ ടി തുക അടിയന്തിരമായി സാബിത്തിന്റെ കുടുംബത്തിന് വിതരണം ചെയ്യുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**വേണു.വി**
**പ്രിൻസിപ്പല് സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, കോഴിക്കോട്

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

**File No.REV-DRF-A2/201/2018-REV**

റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്,

റവന്യൂ (ഡിആർഎഫ്--ബി, സി വകുപ്പ്)

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് :- പൊതുഭരണ (SC) വകുപ്പ് (24/07/2019-ലെ മന്ത്രിസഭാ യോഗ തീരുമാന ഇനം നം. 3201 പ്രകാരം)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ